കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - റിസ്ക് ഫണ്ട് പദ്ധതി, വായ്പാ കാലാവധിയ്ക്ക് ശേഷം മരണപ്പെട്ടവർക്കും ബാധകമാക്കിയും നിർദ്ധനരായ വായ്പക്കാരുടെ പിഴപ്പലിശ ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സഹകരണ (ബി) വകുപ്പ്

സ. ഉ. (സാധാ) നം. 180/2012/സഹ തീയതി, തിരുവനന്തപുരം, 21.03.2012

---

പരാമർശം:- 1. 02.02.2007 ലെ സ.ഉ (കൈ) നം. 55/2007/സഹ നമ്പർ ഉത്തരവ്
2. 18.11.2008 ലെ സ.ഉ (സാധാ) നം. 249/2008/സഹ നമ്പർ ഉത്തരവ്
3. സഹകരണ സംഘം രജിസ്ട്രാറുടെ 28.01.2012 ലെ സി.ജി (1) 34065/2010 നമ്പർ കത്ത്.

## ഉത്തരവ്

സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത്, വായ്പ കാലാവധിക്കു മുമ്പ് മരണപ്പെട്ടവരുടെ വായ്പ തുക എഴുതിത്തള്ളുന്നതിന് സഹകരണ റിസ്ക് ഫണ്ട് പദ്ധതി രൂപീകരിച്ചും ചട്ടങ്ങൾ അംഗീകരിച്ചും നിലവിൽ പരാമർശം (1) പ്രകാരം ഉത്തരവായി. കൂടാതെ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷികാവശ്യത്തിന് വായ്പ എടുത്ത അംഗങ്ങൾ അവരുടെ വായ്പാ ബാദ്ധ്യതയിലേയ്ക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടു പോവുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ വായ്പക്കാരന്റെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പയിൽ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതയിൽ നിന്നും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അവരെ ഒഴിവാക്കുന്നുണ്ട്.

2. ധനസഹായത്തിന്റെ പരിധി ഒരു ലക്ഷം രൂപയിൽ നിന്ന് വർദ്ധിപ്പിക്കണമെന്നും മാരകരോഗങ്ങൾ ബാധിച്ച് മരണ തുല്യരായി ജീവിക്കുന്നവർക്കുകൂടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് വേണ്ടി റിസ്ക് ഫണ്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്ന് സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് വായ്പാ കാലാവധിക്കു മുൻപ് മരണപ്പെട്ടവരുടെ വായ്പാ തുക എഴുതി തള്ളുന്ന ആനുകൂല്യം വായ്പാ കാലാവധിക്ക് ശേഷം മരണപ്പെട്ടവർക്കും കൂടി ബാധകമാക്കിക്കൊണ്ടും ഈ ഇനത്തിൽ ഒന്നര ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന്

ംനവാദം നൽകിക്കൊണ്ടും ഉത്തരവാകുന്നു. കൂടാതെ പരാലിസിസ്, ക്യാൻസർ, കിഡ്നി സംബന്ധമായ രോഗങ്ങൾ എന്നിവമൂലം ശയ്യാവലംബരായവരുടെ വായ്പയിൽ എഴുപത്തയ്യായിരം രൂപവരെ എഴുതിത്തള്ളുവാനും ഉത്തരവാകുന്നു.

4. കൂടാതെ വായ്പാതുക തിരികെ അടയ്ക്കുന്നതിന് മന:പൂർവ്വം വീഴ്ച വരുത്താത്തതും വായ്പാ കുടിശ്ശിക തുക ഒറ്റത്തവണയായി തിരിച്ചടക്കുന്നവരുമായ നിർദ്ധനരായ വായ്പക്കാരുടെ പിഴപ്പലിശ ഒഴിവാക്കി നൽകുവാൻ സഹകരണ സംഘങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ സർക്കുലർ നിർദ്ദേശം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. വി. എം. ഗോപാലമേനോൻ**
**സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി - ചട്ടങ്ങളിലെ ഭേദഗതി - അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ബി) വകുപ്പ്**

**സ. ഉ. (കൈ) നം. 42/2012/സഹ** **തീയതി, തിരുവനന്തപുരം, 30.03.2012**

പരാമർശം:- 1. 02.02.2007 ലെ സ.ഉ (കൈ) നം. 55/2007/സഹ നമ്പർ ഉത്തരവ്
2. 18.11.2008 ലെ സ.ഉ (കൈ) നം. 249/2008/സഹ നമ്പർ ഉത്തരവ്
3. 21.03.2012 ലെ സ.ഉ (സാധാ) നം. 180/2012/സഹ നമ്പർ ഉത്തരവ്
4. സഹകരണ സംഘം രജിസ്ട്രാറുടെ 14.01.2011, 17.12.2011, 26.01.2012 എന്നീ തീയതികളിലെ സി.ബി (1) 34065/2010 നമ്പർ കത്തുകൾ

## ഉത്തരവ്

കേരള നിയമസഭയിൽ ബഹു. കേരള ഗവർണ്ണർ 2005-06 ൽ പ്രഖ്യാപിച്ച പദ്ധതിയാണ് 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി'. വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷികാവശ്യത്തിന് വായ്പയെടുക്കുന്ന അംഗങ്ങൾ അവരുടെ വായ്പാ ബാദ്ധ്യതയിലേയ്ക്ക് തിരിച്ചടവുകൾ നടത്തുകയും എന്നാൽ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടു പോവുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഈ വായ്പാക്കാരന്റെ പേരിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പയിൽ പരമാവധി ഒരു ലക്ഷം രൂപ വരെയുള്ള ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിന് വേണ്ടിയാണ് 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി' ആവിഷ്കരിച്ചിരുന്നത്. പരാമർശം (1) ലെ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി നിലവിൽ വന്നു.

2. 21.03.2012 ലെ സ.ഉ (സാധാ) നം. 180/2012/സഹ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് പദ്ധതിയിൽ എഴുതിത്തള്ളുന്ന വായ്പയുടെ പരിധി ഒന്നര ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും വായ്പാകാലാവധിക്ക് ശേഷം മരണപ്പെട്ടവർക്കും പ്രസ്തുത ആനുകൂല്യം ബാധകമാക്കുകയും, പരാലിസിസ്, ക്യാൻസർ, വൃക്ക സംബന്ധമായ രോഗങ്ങൾ എന്നിവ മൂലം ശയ്യാവലംബരായവരുടെ വായ്പകളിൽ 75,000/- രൂപാവരെ എഴുതിത്തള്ളുന്നതിനും ഉത്തരവായിരുന്നു.

3. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കി വരുന്ന സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി പരാമർശം (4) ലെ കത്തുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ചട്ടങ്ങളിലെ ഭേദഗതി നിർദ്ദേശം അംഗീകരിച്ചും ഉത്തരവാകുന്നു. ഭേദഗതി വരുത്തിയ ചട്ടങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. വി. എം. ഗോപാലമേനോൻ**
**സെക്രട്ടറി**

To

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

*ഉത്തരവിൻപ്രകാരം*

*സെക്ഷൻ ഓഫീസർ*

[illegible]

# കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി/സഹകരണ കടാശ്വാസ പദ്ധതി 2008

## നിബന്ധന ഭേദഗതികൾ

| ക്രമ നം. | നിലവിലുള്ളത് | ഭേദഗതി നിർദ്ദേശം | ന്യായീകരണം |
|---|---|---|---|
| 1 | 3 (ജി) സംഘം എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ ഈ വിഭാഗത്തിൽപ്പെടുന്ന മറ്റ് വായ്പാ സംഘങ്ങൾ എന്നിവയായിരിക്കും. | 3 (ജി) സംഘം എന്നാൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയായിരിക്കും. | കൂടുതൽ വ്യക്തതയ്ക്ക് വേണ്ടി |
| 2 | 4 പദ്ധതിയുടെ ലക്ഷ്യം:- (എ) വായ്പയെടുത്ത അംഗം വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ലിഗെന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിലും, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെടുകയും ചെയ്താൻ മറ്റു വായ്പക്കാർക്ക് ബാക്കി നിൽക്കുന്ന തുക അടച്ചുതീർക്കാൻ കഴിവില്ലെന്ന് ബന്ധപ്പെട്ട സഹകരണ സംഘത്തിന് ബോധ്യപ്പെടുകയാണെങ്കിൽ സംഘം ഭരണ സമിതിയുടെ അപ്രകാരമുള്ള ശുപാർശയിന്മേൽ അത്തരം വായ്പകളിൽ ഒരു വായ്പക്കാരന്റെ മരണ തീയതി മുതൽ ബാക്കി നിൽക്കുന്ന വായ്പ തുകയോ, ടി തുകയുടെ | 4 പദ്ധതിയുടെ ലക്ഷ്യം:- (എ) വായ്പയെടുത്ത അംഗം വായ്പാക്കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ ചേർന്ന് എടുത്ത കോ-ഒബ്ലിഗെന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിലും, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെടുകയും ചെയ്താൻ മറ്റു വായ്പക്കാർക്ക് ബാക്കി നിൽക്കുന്ന തുക അടച്ചുതീർക്കാൻ കഴിവില്ലെന്ന് ബന്ധപ്പെട്ട സഹകരണ സംഘത്തിന് ബോധ്യപ്പെടുകയാണെങ്കിൽ സംഘം ഭരണ സമിതിയുടെ അപ്രകാരമുള്ള ശുപാർശയിന്മേൽ അത്തരം വായ്പകളിൽ ഒരു വായ്പക്കാരന്റെ മരണ | വായ്പാ പരിധി ഉയർത്തി പദ്ധതിയിൻ കീഴിൽ കൂടുതൽ ധനസഹായം നൽകുന്നതിലേക്ക് |

| | | | |
|---|---|---|---|
| | പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളണം. | തുകയോ, ടി തുകയുടെ ആനുപാതികമായ തുകയോ ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ ഇവ മുഴുവനും സംഘം പൊതുയോഗത്തിന്റെ അനുമതിയോടും രജിസ്ട്രാറുടെ അംഗീകാരത്തോടും എഴുതിത്തള്ളണം. മേൽപ്പറഞ്ഞ ആനുകൂല്യം ടി വ്യവസ്ഥകളോടെ വായ്പാ കാലാവധിക്ക് ശേഷം മരണപ്പെട്ടവർക്കും ബാധകമായിരിക്കും. | |
| 3 | 4 (ഡി) നിലവിലില്ല | 4 (ഡി) വായ്പയെടുത്ത ശേഷം വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ വായ്പാ മുതലിനത്തിൽ പരമാവധി 75,000 രൂപയും (എഴുപത്തഞ്ചായിരം രൂപ) ആയതിന്റെ പലിശയും ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം നൽകേണ്ടതാണ്.<br>നിബന്ധന (ഡി) യിൽ പ്രതിപാദിക്കുന്ന മാരക രോഗത്തിൽ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗങ്ങൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം വന്ന് ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ എന്നിവരാണ് ഉൾപ്പെടുന്നത്. ഇത്തരം കേസ്സുകളിൽ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധമായ ചികിത്സാ രേഖകളും ഹാജരാക്കേണ്ടതാണ്. | മരണ തുല്യമായ ജീവിതം നയിക്കുന്നവർക്ക് കൂടി പ്രയോജനം ലഭിക്കുന്നതിലേക്ക് |

| | | | |
|---|---|---|---|
| | 5. അർഹത:- മരണപ്പെട്ട ആളിന്റെ പേരിലുള്ളതും വായ്പാ കാലാവധി കഴിയാത്തതും വായ്പക്കാരന്റെ 65 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുക. എന്നാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ചു തീർത്ത വായ്പകൾക്കും ഈ പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിയ്ക്കകം അടച്ചു തീർന്ന വായ്പകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ പദ്ധതി പ്രകാരം ഒരു വായ്പയ്ക്ക് പരമാവധി ലഭിക്കുന്ന തുക ഒരു ലക്ഷം രൂപയും ആയതിന്റെ പലിശയുമായിരിക്കും. | 5. അർഹത:- മരണപ്പെട്ട ആളിന്റെ പേരിലുള്ളതും വായ്പാ കാലാവധി കഴിഞ്ഞതും/കഴിയാത്തതും 70 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി തീരുന്നതുമായ വായ്പകൾക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുക. എന്നാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് അടച്ചു തീർത്ത വായ്പകൾക്കും ഈ പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിയക്കകം അടച്ചു തീർന്ന വായ്പകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ പദ്ധതി പ്രകാരം ഒരു വായ്പയ്ക്ക് പരമാവധി ലഭിക്കുന്ന തുക ഒന്നര ലക്ഷം രൂപയും ആയതിന്റെ പലിശയുമായിരിക്കും. | കൂടുതൽ പേർക പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിലേയ്ക്ക |
| 5 | 6. വായ്പാതുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും എന്നാൽ ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി ഒരു ലക്ഷം രൂപ മാത്രമായി പരിമിതപ്പെടുത്തുന്നതുമാണ്. | 6. വായ്പാതുകയുടെ പരിധി പരിഗണിക്കാതെ അർഹമായ എല്ലാ വായ്പകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും എന്നാൽ ആനുകൂല്യം വായ്പാ മുതലിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപ മാത്രമായി പരിമിതപ്പെടുത്തുന്നതുമാണ്. | വായ്പാ പ ഉയർത്തി പദ്ധതി കീഴിൽ കൂട ധനസഹായം നൽകുന്നതിലേക്ക് |

| | | |
|---|---|---|
| 7 - ഫണ്ട് രൂപീകരണം :- ഈ പദ്ധതി നിലവിൽ വരുന്ന തീയതിയിൽ നിലനിൽക്കുന്ന വായ്പകൾക്ക് ഈ പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നതിന് വിജ്ഞാപന തീയതി മുതൽ 3 മാസത്തിനകം, 2008 ഏപ്രിൽ മാസം ഒന്നിന് നിലനിൽക്കുന്ന വായ്പ തുകയുടെ 0.2 ശതമാനം നിരക്കിൽ പരമാവധി 200 രൂപ അടച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പദ്ധതി നിലവിൽ വരുന്ന തീയതി മുതൽ നൽകുന്ന ഒരു ലക്ഷം രൂപവരെയുള്ള വായ്പയുടെ 0.2 ശതമാനവും ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകളുടെ 0.2 ശതമാനം എന്ന നിരക്കിൽ പരമാവധി 250 രൂപയും ബന്ധപ്പെട്ട വായ്പാക്കാരൻ വായ്പാത്തുക കൈപ്പറ്റുന്നതിന് മുൻപ് സംഘത്തിൽ അടയ്ക്കേണ്ടതാണ്. ഒരു വായ്പാക്കാരൻ എടുക്കുന്ന വായ്പാത്തുക എത്രതന്നെ ആയിരുന്നാലും ആയതിന്റെ നിശ്ചിത ശതമാനം കണക്കാക്കുമ്പോൾ അടയ്ക്കേണ്ട വിഹിതം | ഫണ്ട് രൂപീകരണം :- ഈ ഭേദഗതി നിലവിൽ വരുന്ന തീയതി മുതൽ നൽകുന്ന വായ്പകളുടെ 0.25 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 50 രൂപയും പരമാവധി 375 രൂപയും ബന്ധപ്പെട്ട വായ്പാക്കാരൻ വായ്പാതുക കൈപ്പറ്റുമ്പോൾ സംഘത്തിൽ റിസ്ക് ഫണ്ട് വിഹിതമായി അടയ്ക്കേണ്ടതാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും, സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കാവുന്ന ഗ്രാന്റ്, സംഭാവന തുടങ്ങിയവയും ഉൾപ്പെടുന്നതാണ് ഈ പദ്ധതിക്കായുള്ള ഫണ്ട്. | പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്ക് |

| | | | |
|---|---|---|---|
| | 50/- രൂപയിൽ താഴെയാണെങ്കിൽ ഏറ്റവും കുറഞ്ഞ തുകയായി 50/- രൂപ അടയ്ക്കേണ്ടതും ആയതിന്റെ പരമാവധി തുക ഒരു ലക്ഷം വരെയുള്ള വായ്പകൾക്ക് 200 രൂപയും മറ്റുള്ളവയ്ക്ക് 250 രൂപയുമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. ഇപ്രകാരം സ്വരൂപിക്കുന്ന വിഹിതവും , സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കാവുന്ന ഗ്രാന്റ്, സംഭാവന തുടങ്ങിയവയും ഉൾപ്പെടുന്നതാണ് ഈ പദ്ധതിക്കായുള്ള ഫണ്ട്. | | |
| 8 | 8. റിസ്ക് ഫണ്ട് വിനിയോഗം<br>സഹകരണ ക്ഷേമ വികസന നിധി ബോർഡ് നിലവിൽ ധനസഹായം നൽകി വരുന്ന പദ്ധതികൾക്ക് വിനിയോഗിക്കുന്നതിന് പുറമേ സഹകരണ വകുപ്പിന്റെ/ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി യോടെ സഹകരണ റിസ്ക് ഫണ്ടിൽ നിന്നും ഓരോ സാമ്പത്തിക വർഷാവസാനവും ഒരു നിശ്ചിത തുക കേരള സഹകരണ ക്ഷേമ വികസന നിധി ബോർഡിൽ അംഗങ്ങളായ സംഘങ്ങളിൽ പ്രവർത്തന മാന്ദ്യം സംഭവിച്ച സംഘങ്ങളുടെ പുന:രുദ്ധാരണത്തിനും സമഗ്ര വികസന | 8. റിസ്ക് ഫണ്ട് വിനിയോഗം<br>സഹകരണ ക്ഷേമ വികസന നിധി ബോർഡ് നിലവിൽ ധനസഹായം നൽകി വരുന്ന ഈ പദ്ധതിക്ക് വിനിയോഗിക്കുന്നതിന് പുറമേ സഹകരണ വകുപ്പിന്റെ/ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ സഹകരണ റിസ്ക് ഫണ്ടിൽ നിന്നും ഓരോ സാമ്പത്തിക വർഷാവസാനവും ഒരു നിശ്ചിത തുക കേരള സഹകരണ ക്ഷേമ വികസന പദ്ധതിയിൽ അംഗങ്ങളായ സംഘങ്ങളിൽ പ്രവർത്തന മാന്ദ്യം സംഭവിച്ച സംഘങ്ങളുടെ പുന:രുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി | കൂടുതൽ വ്യക്തതയ്ക്ക് വേണ്ടി |

| | | | |
|---|---|---|---|
| | ത്തിനുമായി നീക്കി വയ്ക്കാവുന്നതാണ്. ഇപ്രകാരം നീക്കി വയ്ക്കുന്നത് റിസ്ക് ഫണ്ടിന്റെ പര്യാപ്തതയുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. | നീക്കി വയ്ക്കാവുന്നതാണ്. ഇപ്രകാരം നീക്കിവയ്ക്കുന്നത് റിസ്ക് ഫണ്ടിന്റെ പര്യാപ്തതയുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. | |
| 8 | 8 (2) കൂടാതെ കേരള സഹകരണ ക്ഷേമ വികസന നിധി ബോർഡിന്റെ ഓരോ ധനകാര്യ വർഷത്തേയും സിൽബന്തി ചിലവിന്റേയും തൻ ചിലവിന്റേയും 40% തുക ബോർഡ് ഫണ്ടിലേക്ക് വകമാറ്റി നൽകുന്നതിന് കൂടി വിനിയോഗിക്കപ്പെടേണ്ടതുമാണ്. | 8 (2) കൂടാതെ കേരള സഹകരണ ക്ഷേമ വിക്സന നിധി ബോർഡിന്റെ ഓരോ ധനകാര്യവർഷത്തേയും സിൽബന്തി ചിലവിന്റേയും തൻ ചിലവിന്റേയും 50% തുക ബോർഡ് ഫണ്ടിലേക്ക് വകമാറ്റി നൽകുന്നതിന് കൂടി വിനിയോഗിക്ക പ്പെടേണ്ടതുമാണ്. | പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്ക് |
| 9 | 9. ഫണ്ട് നിക്ഷേപം<br>വിഹിതം ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണം. ഇപ്രകാരമുള്ള പ്രത്യേക അക്കൗണ്ട് വെൽഫെയർ ഫണ്ട് ബോർഡിന്റെ പേരിലായിരിക്കണം. നിക്ഷേപ പലിശ ഫണ്ടിന്റെ മുതലിൽ കൂട്ടണം | 9. ഫണ്ട് നിക്ഷേപം<br>റിസ്ക് ഫണ്ട് വിഹിതം ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണം. ഇപ്രകാരമുള്ള പ്രത്യേക അക്കൗണ്ട് . ബോർഡിന്റെ പേരിലായിരിക്കണം. നിക്ഷേപ പലിശ ഫണ്ടിന്റെ മുതലിൽ കൂട്ടണം | കൂടുതൽ വ്യക്തതയ്ക്ക് വേണ്ടി |
| 10 | 11. അപേക്ഷിക്കേണ്ട വിധം:-<br>ബി) അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണ സമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവ | 11. അപേക്ഷിക്കേണ്ട വിധം:-<br>ബി) അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണ സമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവ | അപേക്ഷകളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിലേക്ക് |

| | | | |
|---|---|---|---|
| | യാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനം എടുക്കണം. പദ്ധതിയിലെ 11 (എ) ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മറ്റി തീരുമാന പകർപ്പും ചുവടെ ചേർക്കുന്ന രേഖകളും അപേക്ഷയോടൊപ്പം ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം. | യാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനം എടുക്കണം. പദ്ധതിയിലെ 11 (എ) ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മറ്റി തീരുമാന പകർപ്പും ചുവടെ ചേർക്കുന്ന രേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ ശുപാർശയോടുകൂടി ബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കണം. | |
| 14 | 13.പലവക<br>(5)ഓരോ ജില്ലയ്ക്കും ഫണ്ടിന്റെ തുക, ബാക്കി നിൽപ്പ് തൻമാസം ഫണ്ടിൽ നിന്നും ലഭിച്ച തുക,തൻമാസം ഫണ്ടിൽ നിന്നും അനുവദിച്ച തുക ബാക്കിനിൽപ്പ്, ധന സഹായം അനുവദിച്ച സംഘങ്ങൾ എന്നിവ കാണിക്കുന്ന പുരോഗതി റിപ്പോർട്ട്/ സ്റ്റേറ്റ്മെന്റ് രജിസ്ട്രാർ അതിനടുത്തമാസം സമർപ്പിക്കേണ്ടതാണ്. | 13.പലവക<br>(5)ഓരോ ജില്ലയ്ക്കും ഫണ്ടിന്റെ തുക, ബാക്കി നിൽപ്പ് തൻമാസം ഫണ്ടിൽ നിന്നും ലഭിച്ച തുക,തൻമാസം ഫണ്ടിൽ നിന്നും അനുവദിച്ച തുക ബാക്കിനിൽപ്പ്, ധന സഹായം അനുവദിച്ച സംഘങ്ങൾ എന്നിവ കാണിക്കുന്ന പുരോഗതി റിപ്പോർട്ട്/ സ്റ്റേറ്റ്മെന്റ് രജിസ്ട്രാർക്ക് അതിനടുത്തമാസം സമർപ്പിക്കേണ്ടതാണ്. | പിശക് പരിഹരിക്കുന്നതിലേക്ക് |

Section Officer